(ഇ) ഇവർക്ക് ഗവൺമെൻറ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര; അതിൻറെ വ്യവസ്ഥകൾ എങ്ങിനെയാണ്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ഡിപ്പോകൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും കൂടാതെ ചേർത്തല, വെല്ലിംഗ്ടൺ ഐലൻറ് എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

(ബി) കോർപ്പറേഷന് സ്വന്തമായി കൂടുതൽ ഡിപ്പോകൾ തുറക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഇപ്പോൾ പൊതു വിതരണ സമ്പ്രദായത്തിൽ നൽകിവരുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ ഇവയ്ക്കു പുറമേ പയറു വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണകൾ, മുളക്, മല്ലി മുതലായവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഗവൺമെൻറ് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഓരോ ചില്ലറ വിൽപ്പന ശാലയെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ സഹകരണത്തോടുകൂടി സഹകാര്യ വ്യക്തികളുടേതായി തുറക്കാനാണ് തീരുമാനം. ആദ്യഘട്ടമായി 15 താലൂക്കുകളിൽ ഈ പദ്ധതി പരീക്ഷിച്ചു നോക്കാൻ ഉദ്ദേശിക്കുന്നു. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. അവർക്ക് 10,000 രൂപ വരെ ബാങ്കു വായ്പ ലഭിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുന്നതാണ്. വിതരണം ചെയ്യാനുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ന്യായമായ വിലയ്ക്ക് പ്രസ്തുത സഹകാര്യ കടകൾക്ക് എത്തിച്ചു കൊടുക്കുന്നതാണ്.

(ഡി) കോർപ്പറേഷൻറെ ഡിപ്പോകൾ കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത്. ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള സഹകാര്യ വ്യക്തികളെ താലൂക്കു സപ്ലൈ ആഫീസർമാരുടെ ശുപാർശയിൽമേൽ ബാങ്കുകളുടെ അംഗീകാരത്തോടു കൂടി നിശ്ചയിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പോലീസുദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ

*439 [462] ശ്രീ. ഒ. ലൂക്കോസ്:

ശ്രീ. ഈപ്പൻ കണ്ടക്കുടി:

ശ്രീ. പി. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പോലീസ് ഉദ്ദ്യോഗസ്ഥൻമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആ കമ്മീഷൻ ഗവൺമെൻറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഈ സംസ്ഥാനത്ത് പ്രത്യേകമായി ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം

*440 [484] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്താൻ (പി. യു. സി) പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ;

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്തുന്നത് സംബന്ധിച്ച് പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പല നിർദ്ദേശങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു പല നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പല പൊതു മേഖലാ സ്ഥാപനങ്ങളിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇൻഡസ്ട്രിയൽ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സോപ്സ് ആൻറ് ഓയിൽ ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

നാടാർ മഹാജനസംഘത്തിന്റെ നിവേദനം

*441 [465] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നാടാർ മഹാ ജനസംഘത്തിന്റെ വകയായി ഗവൺമെൻറിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിൽ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly